**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1191** **10-08-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യലഭ്യതയിൽ സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ വർഷവും മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 2016-17 വരെയുള്ള കാലഘട്ടത്തിലെ കണക്കുകൾ പരിശോധിക്കുമ്പോൾ കടൽ മത്സ്യ ലഭ്യതയിൽ ഇടിവുണ്ടായതായി കാണുന്നു. അതിനാൽ ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017 സെപ്റ്റംബറിൽ കെ.എം.എഫ്.ആർ ആക്ട് ഭേദഗതി വരുത്തുകയും 2018 സെപ്റ്റംബറിൽ കെ.എം.എഫ്.ആർ റൂൾ നിലവിൽ വരികയും ചെയ്തു. കെ.എം.എഫ്.ആർ ആക്ട് ശക്തമായി നടപ്പിലാക്കിയതിലൂടെ 2018-19 വർഷത്തിൽ കടൽ മത്സ്യോത്പാദനം 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. എന്നാൽ 2019-20, 2020-21 വർഷങ്ങളിൽ കോവിഡ് പ്രതിസന്ധി മൂലം ചില മാസങ്ങളിൽ മത്സ്യബന്ധനം നടക്കാത്തതിനാൽ കടൽ മത്സ്യലഭ്യത കുറഞ്ഞു. തുടർന്ന് വന്ന 2021-22, 2022-23 വർഷങ്ങളിലും കടൽ മത്സ്യലഭ്യത വർദ്ധിച്ചിട്ടുണ്ട്.<br><br>കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഉൾനാടൻ മത്സ്യലഭ്യതയിൽ ഇടിവുണ്ടായിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് നിലവിൽ ദൈനംദിനം വേണ്ടിവരുന്ന മത്സ്യത്തിന്റെ അളവും ലഭ്യതയും എത്രയെന്നും ദൈനംദിനം ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയെന്നും ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുമാണ് മത്സ്യം എത്തുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഏകദേശം 2521 ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. സംസ്ഥാന ത്തിന്റെ ശരാശരി ദൈനം ദിന മത്സ്യ ലഭ്യത 1923 ടൺ ആകുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും ദൈനംദിനം കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവ് ഏകദേശം 598 ടൺ ആകുന്നു. പ്രധാനമായും തമിഴ്നാട് , ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് മത്സ്യം കേരളത്തിലേക്കെത്തുന്നത്. |
| (സി) | മത്സ്യലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ എന്നത്തേയ്ക്ക് കഴിയുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ? | (സി) | 2022-23 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കടൽ മത്സ്യോത്പാദനം, ലഭിക്കാവുന്നതിന്റെ ഏകദേശം പാരമ്യതയിൽ |

| | | | |
|---|---|---|---|
| | | | എത്തിയിട്ടുള്ളതായി കാണാൻ കഴിയുന്നു. 2022-23 വർഷത്തിൽ തദ്ദേശീയമായി ലഭിച്ച മത്സ്യത്തിന് പുറമെ ഏകദേശം 2.18 ലക്ഷം മെട്രിക് ടൺ മത്സ്യം അധികമായി കേരളത്തിന് ആവശ്യമായി വന്നു. ഇത്രയും അധികം മത്സ്യം കൂടി കടൽ മേഖലയിൽ നിന്നും ലഭിക്കുന്നതിന് സാധ്യതയില്ല. ഈ അപര്യാപ്തത ഉൾനാടൻ മത്സ്യോത്പാദനത്തിലൂടെ നികത്താൻ കഴിയുമ്പോൾ മാത്രമേ മത്സ്യ ലഭ്യതയിൽ കേരളത്തിന് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ